LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പ് ചെലവഴിച്ച ബഡ്ജറ്റ് വിഹിതം

74 (420) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 -15 സാമ്പത്തിക വർഷം എൽ.ആർ.സി (എൽ.റ്റി.ഒ.) പദ്ധതിയിനത്തിൽ എത്ര തുക അനുവദിച്ചുവെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശം നൽകാമോ ;

(ബി) തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾക്കാണ് നബാർഡ് അനുമതി നൽകിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) 2014-15 സാമ്പത്തിക വർഷം സഹകരണ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു എന്നും എത്ര ശതമാനം ഇതുവരെ ചെലവഴിക്കുകയുണ്ടായി എന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷം എൻ.ആർ.സി. (എൽ.റ്റി.ഒ.) പദ്ധതിയിനത്തിൽ സഹകരണ വകുപ്പിന് ടോക്കൺ പ്രൊവിഷനായി 3000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(സി) 2014-15 സാമ്പത്തിക വർഷം സഹകരണ വകുപ്പിന് സംസ്ഥാന പദ്ധതിയിനത്തിൽ 8799.00 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിനത്തിൽ 3500.00 ലക്ഷം രൂപയും എൻ.ആർ.സി. (എൽ.റ്റി.ഒ.) പദ്ധതിയിനത്തിൽ 3000 രൂപയും ഉൾപ്പെടെ 1229.03 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 28-2-2015 വരെ സംസ്ഥാന പദ്ധതിയിനത്തിൽ 35.76%-ഉം എൻ.സി.ഡി.സി. പദ്ധതിയിനത്തിൽ 43.58% -ഉം ചെലവഴിച്ചിട്ടുണ്ട്.

ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നേരിടുന്ന പ്രതിസന്ധി

75 (421) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ;

(ബി) ത്രിവേണി സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ചുള്ള പരാതിക്ക് പരിഹാരം കാണുന്നതിന് ശ്രദ്ധിക്കുമോ ;

(സി) സബ്സിഡി സാധനങ്ങൾ പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വിതരണം ചെയ്ത് ഈ സ്റ്റോറുകളെ ജനകീയമാക്കുവാൻ നടപടി സ്വീകരിക്കുമോ ; ഈ സാമ്പത്തിക വർഷം എത്ര രൂപയാണ് സബ്സിഡിക്ക് നീക്കിവച്ചിരിക്കുന്നത് ; ആയത് മുഴുവനും ചെലവാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് എത്ര ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നഷ്ടത്തിൽ പ്രവർത്തിക്കുന്നു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) വേണ്ടത്ര ഫണ്ടിന്റെ അഭാവംമൂലം ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നേരിടുന്ന വ്യാപാര കുറവിന് പരിഹാരം കാണുന്നതിനായി കൺസ്യൂമർഫെഡിന്റെ കീഴിലുള്ള വിദേശമദ്യ വ്യാപാരം ഉൾപ്പെടെയുള്ള മറ്റ് ഡിവിഷനുകളിലെ വിൽപ്പന മാർജിൻ ഉപയോഗിച്ച് ത്രിവേണി/നന്മ സ്റ്റോറുകളിൽ പരമാവധി സ്റ്റോക്ക് എത്തിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിനും റീജിയൻ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ത്രിവേണി സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ത്രിവേണി സ്റ്റോറുകളിലൂടെ ഗുണമേന്മയുള്ള സാധനങ്ങൾ മിതമായ നിരക്കിലും നന്മ സ്റ്റോറുകളിലൂടെ വർഷം മുഴുവനും പൊതുവിപണിയിൽ നിന്നും 20% വരെ വിലകുറച്ചുമാണ് വിതരണം ചെയ്തുവരുന്നത്. പരിമിതമായ സാമ്പത്തിക സാഹചര്യങ്ങളിൽ നിന്നുകൊണ്ട് പരമാവധി ജനകീയമായ രീതിയിലാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്. ഈ സാമ്പത്തിക വർഷം 11 കോടി രൂപയാണ് സബ്സിഡിക്ക് നീക്കിവച്ചിട്ടുണ്ടായിരുന്നത്. ടി 11 കോടി രൂപയും അഡീഷണൽ അതറൈസേഷൻ മുഖേന ലഭ്യമായ 39 കോടി രൂപയും ചേർത്ത് ആകെ 50 കോടി രൂപ ചെലവായിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 239 ത്രിവേണി സ്റ്റോറുകളിൽ 228 സ്റ്റോറുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 860 നന്മ സ്റ്റോറുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly